LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി പ്രദേശത്ത്, പദ്ധതി നടത്തിപ്പുകാരായ കെ.ജി.എസ്. ആറന്മുള ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനം ഒരു വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്തരുതെന്നാണ് ഉത്തരവ്. ഈ ഉത്തരവ് ലംഘിച്ചതായി റിപ്പോർട്ടില്ല.

(സി) സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്ക് അനുരൂപവും, അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും എന്നാൽ പാരിസ്ഥിതികമായി ഏറ്റവും കുറഞ്ഞ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതുമായ പദ്ധതികൾ നടപ്പാക്കണം എന്നാണ് പരിസ്ഥിതി അനുമതിയുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ നിലപാട്. ഈ നിലപാട് ട്രൈബ്യൂണൽ തള്ളിക്കളഞ്ഞിട്ടില്ല. ആകയാൽ അപ്പീൽ പോകേണ്ട സാഹചര്യമില്ല.

(ഡി) എയർപോർട്ടുകൾ എ കാറ്റഗറിയിൽപ്പെടുന്നതായതിനാൽ കേന്ദ്ര സർക്കാരാണ് പാരിസ്ഥിതികാനുമതി നൽകേണ്ടത്. എയർപോർട്ട് നിർമ്മാണത്തിന് നിലവിൽ നിയമപരമായ നിരോധനം ഉള്ളതിനാൽ സംസ്ഥാന സർക്കാർ നിർമ്മാണവുമായി സഹകരിക്കുകയെന്ന പ്രശ്നം ഉദിക്കുന്നില്ല.

## ചെക്ക് പോസ്റ്റുകളിലെ വിജിലൻസ് റെയ്ഡ്

8 (*158) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ചെക്ക്പോസ്റ്റുകളിൽ ഈ വർഷം പോലീസ് വിജിലൻസ് വിഭാഗം റെയ്ഡുകൾ നടത്തുകയുണ്ടായോ; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) റെയ്ഡുകളിലൂടെ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ക്രമക്കേടുകളുടെ പേരിൽ എന്തെങ്കിലും ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്. കൊമേഴ്സ്യൽ ടാക്സസ്, എക്സൈസ്, അനിമൽ ഹസ്ബന്ററി, മോട്ടോർ വെഹിക്കിൾസ് തുടങ്ങി സംസ്ഥാനത്തുടനീളമുള്ള വിവിധ ചെക്ക് പോസ്റ്റുകളിലായി മൊത്തം 26 മിന്നൽ പരിശോധനകൾ ഈ വർഷം ഇതുവരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥർ നടത്തുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അക്കൗണ്ട് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കാതിരിക്കുക, കണക്കിൽപ്പെടാത്ത തുക കണ്ടെത്തുക, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക കൃത്യമായി രേഖപ്പെടുത്താതിരിക്കുക, അറ്റൻഡൻസ് രേഖപ്പെടുത്തി ജീവനക്കാർ പുറത്തുപോകുക, സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വിജിലൻസ് നോട്ടീസ് ബോർഡ് പ്രദർശിപ്പിക്കാതിരിക്കുക, വ്യക്തമായ രേഖകൾ ഇല്ലാത്ത വാഹനങ്ങൾ ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങിച്ചു ചെക്ക്പോസ്റ്റ് വഴി കടക്കാൻ അനുവദിക്കുക, സർക്കാർ തുകയിൽ കുറവ് കണ്ടെത്തുക, ഉദ്യോഗസ്ഥർക്ക് കൈക്കൂലി ലഭ്യമാക്കുന്ന ഇടനിലക്കാരായ ഏജന്റുമാരുടെ അനധികൃത സാന്നിദ്ധ്യം തുടങ്ങിയവയാണ് ക്രമക്കേടുകളിലധികവും.

(സി & ഡി) മേൽപ്പറഞ്ഞ 26 മിന്നൽ പരിശോധനകളുടേയും റിപ്പോർട്ട് തയ്യാറാക്കി വിജിലൻസ് ഡയറക്ടർ സൂക്ഷ്മപരിശോധനകൾക്കുശേഷം വ്യക്തമായ ശുപാർശകളോടെ സർക്കാരിനു അയച്ചുതരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി റിപ്പോർട്ടുകൾ സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

## സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം

9 (*159) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഫയലുകളുടെ നീക്കങ്ങൾ ജനങ്ങൾക്ക് മനസ്സിലാകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരൊക്കെയാണ് ; വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സംവിധാനം രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. കൃഷി, പിന്നോക്ക വികസനം, ഉപഭോക്തൃ വകുപ്പ്, ധനകാര്യം, ഭക്ഷ്യവും പൊതുവിതരണവും, ആരോഗ്യ-കുടുംബക്ഷേമം, പൊതുവിദ്യാഭ്യാസം, ആഭ്യന്തരം, വ്യവസായം, വിവര സാങ്കേതികവിദ്യ, തദ്ദേശസ്വയംഭരണം, റവന്യൂ, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം,

LIBRARY ARCHIVES Kerala Legislative Assembly